LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് ധനസഹായം

73 (780) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക പേഷ്യന്റ് സൊസൈറ്റിയ്ക്ക് നൽകുന്നത് മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനും, ഇവർക്കുള്ള വസ്ത്രം, ചെരിപ്പ് എന്നിവയ്ക്കുള്ള ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും, യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്കുള്ള നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ആഗസ്റ്റ് 2014 മുതലുള്ള തുക കുടിശ്ശിക ആയിരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ ആദ്യഗഡുവായി ലഭിച്ച 18,92,000 രൂപ (പതിനെട്ടു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപയിൽ 17,57,244 രൂപ (പതിനേഴു ലക്ഷത്തി അമ്പത്തി ഏഴായിരത്തി ഇരുന്നൂറ്റി നാല്പത്തിനാലു രൂപ മാത്രം) ചെലവഴിച്ചു. വീണ്ടും ഇതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും 6 ലക്ഷം രൂപ (ആറു ലക്ഷം രൂപ) 27-11-2014-ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം ആശുപത്രി സൂപ്രണ്ടിന് അനുവദിച്ചിട്ടുണ്ട്. അന്തേവാസികൾക്ക് വസ്ത്രം വാങ്ങുന്നതിനായി വർഷത്തിൽ രണ്ടുപ്രാവശ്യം എന്ന കണക്കിൽ ഒരു തവണ 250 രൂപ വീതം ആകെ 500 രൂപയും, ചെരുപ്പ് വാങ്ങുന്നതിന് ഒരിക്കൽ 250 രൂപ എന്ന കണക്കിലുമാണ് നൽകി വരുന്നത്. ഇത് വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

നെടുമങ്ങാട് താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ വിവരങ്ങൾ

74 (781) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയതായി ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) ജില്ലാ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യം എന്ന നിലയിൽ നിലവിലെ 225 കിടക്കകളിൽ നിന്ന് 400 കിടക്കകളായി ഉയർത്തുകയും 7 കോടി രൂപ സർക്കാർ ഫണ്ട് ഉപയോഗിച്ച് ബഹുനില കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും റെസ്പിറേറ്ററി, പി.എം.ആർ. സ്കിൻ എന്നീ വിഭാഗത്തിൽ ഓരോ ജൂനിയർ കൺസൾട്ടേന്റുമാരേയും 5 അസിസ്റ്റന്റ് സർജൻ, 5 സ്റ്റാഫ് നഴ്സ്, 1 ഫാർമസിസ്റ്റ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾകൂടി അനുവദിച്ച് നിയമനം നടത്തിയിട്ടുണ്ട്.

(സി) അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.*

കുട്ടികളുടെ ഡയാലിസിസ് സൗജന്യമാക്കാൻ നടപടി

75 (782) ശ്രീ. എ. എ. അസീസ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 18 വയസിന് താഴെയുള്ള കുട്ടികളിൽ വൃക്ക തകരാർമൂലം ഡയാലിസിസ് നടത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ എത്ര കുട്ടികളാണ് ഡയാലിസിസ് നടത്തി വരുന്നതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) കുട്ടികളുടെ ഡയാലിസിസ് സർക്കാർ, സ്വകാര്യ ആശുപത്രി വ്യത്യാസമില്ലാതെ സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly